FIN·B1-3999/19.

# പരിശോധനാ കുറിപ്പ്

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, പള്ളം, കോട്ടയം ജില്ല

പരിശോധനാ കാലയളവ് : 01.04.2012 മുതൽ 31.03.2016 വരെ

പരിശോധനാ തീയതി : 21.01.2019 മുതൽ 25.01.2019 വരെ

പരിശോധനാ വിഭാഗം : ഫിൻ 'ഡി'

സീനിയർ സൂപ്രണ്ട് : ശ്രീ. കെ. എസ്. സുദർശനൻ ആചാരി

സീനിയർ ക്ലാർക്ക് : ശ്രീ. എം. എ. നിദീഷ്

പരിശോധനാ കാലയളവിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ആയിരുന്നവരുടെ പേരും കാലയളവും.

| ക്രമ നം | പേര് | കാലയളവ് | |
|---|---|---|---|
| 1. | ശ്രീ. സജു ജേക്കബ് | 01.04.2012 മുതൽ 06.07.2013 വരെ | |
| 2. | ശ്രീ. റ്റി. എസ്. അജിമോൻ | 07.07.2013 മുതൽ 01.11.2013 വരെ | |
| 3. | ശ്രീ. സി. ഗോപകുമാർ | 02.11.2013 മുതൽ 31.12.2013 വരെ | |
| 4. | ശ്രീമതി. റീന തോമസ് | 01.01.2014 മുതൽ 31.03.2016 വരെ | 226277 പെൻ നമ്പർ |

## ഭാഗം-I

## ആമുഖം

### എ. സ്ഥിതിവിവരം:-

പള്ളം ബ്ലോക്കിന്റെ പരിധിയിൽ പുതുപ്പള്ളി, വിജയപുരം, കുറിച്ചി, പനച്ചിക്കാട്, അയർക്കുന്നം എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉണ്ട്. അഞ്ചു ഗ്രാമ പഞ്ചായത്തുകളിലുമായി 25 പട്ടികജാതി കോളനികളും 34 സങ്കേതങ്ങളും ഉണ്ട്. ബ്ലോക്കിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 1417ഉം ജനസംഖ്യ 1233ഉം ആണ്. ഇതിൽ 6374 സ്ത്രീകളും 5859 പുരുഷന്മാരും ഉണ്ട്. 73 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരും 69 കുടുംബങ്ങൾ ഭവനരഹിതരുമാണ്. എല്ലാ കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ളവും വൈദ്യുതിയും ലഭ്യമാണ്. കുടുംബത്തിന്റെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം 5 സെന്റാണ്. ജനസംഖ്യയിൽ 10% ആളുകൾ അറിയപ്പെടുന്ന തൊഴിലുള്ളവരും ഭൂരിപക്ഷം ആളുകളും കാർഷിക, നിർമ്മാണ മേഖലകളിൽ തൊഴിൽ എടുക്കുന്നവരുമാണ്.

### ബി. ഫീൽഡുതല പരിശോധന:-

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. എം. മുഹമ്മദ് ഹാരീസിന്റെ നേതൃത്വത്തിൽ ഫീൽഡ്തല പരിശോധന നടത്തി. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1. സചിവോത്തമപുരം പട്ടികജാതി കോളനി:-

സചിവോത്തമപുരം പട്ടികജാതി കോളനി 2012-13 സ്വയം പര്യാപ്ത ഗ്രാമ പദ്ധതി പ്രകാരം തെരെഞ്ഞെടുത്തിരുന്നു. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനായിരുന്നു നിർമ്മാണ ഏജൻസി. വരുമാന ദായക പദ്ധതികൾ നടപ്പാക്കുന്നതിനാണ് അംഗീകാരം ലഭിച്ചത്. അരിപൊടിക്കുന്ന യന്ത്രം, വെൽഡിംഗ് യൂണിറ്റ്, തയ്യൽ യൂണിറ്റ്, കമ്പ്യൂട്ടർ സെന്റർ, മൊബൈൽ മോർച്ചറി വൈദ്യുതി ജനറേറ്റർ എന്നിവ കെട്ടിടം നിർമ്മിച്ചു സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സചിവോത്തമപുരം പട്ടികജാതി കോളനിയിൽ മെച്ചപ്പെട്ട ഭൗതിക ജീവിത സാഹചര്യങ്ങൾ നിലവിലുണ്ട്.

2. **പ്രീ-മെട്രിക് ഹോസ്റ്റൽ, കുറിച്ചി:**

പെൺകുട്ടികൾക്കായുള്ള കുറിച്ചി പ്രീ-മെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു. നിലവിൽ 21 വിദ്യാർത്ഥിനികൾ അന്തേവാസികളായുണ്ട്. ഹോസ്റ്റലിലെ എല്ലാ തസ്തികയിലും ജീവനക്കാരുണ്ട്. പാചക ജോലിക്കാർ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിതരായവരാണ്. ട്യൂഷൻ അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ഹോസ്റ്റൽ പ്രവർത്തിക്കുന്ന കെട്ടിടം പഴക്കമുള്ളതാണ്. അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

3. **നേഴ്സറി സ്കൂൾ, കുറിച്ചി:-**

നേഴ്സറി സ്കൂൾ, കുറിച്ചി സന്ദർശിച്ചു. നിലവിൽ 13 ആൺകുട്ടികളും 12 പെൺകുട്ടികളും ഉൾപ്പെടെ ആകെ 25 കുട്ടികൾ വിദ്യാർത്ഥികളായുണ്ട്. സ്വന്തമായി കെട്ടിടവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉള്ള നേഴ്സറി സ്കൂളിന്റെ പ്രവർത്തനം തൃപ്തികരമാണ്.

4. **വിവിധ പദ്ധതികളുടെ പരിശോധന:-**

**1) ഭവന നിർമ്മാണ പദ്ധതി:-**

2017-18 വർഷം 4,00,000/- രൂപ ക്രമത്തിൽ ഭവന നിർമ്മാണത്തിനു ധനസഹായം അനുവദിച്ച ശ്രീ. കെ. വി. കുഞ്ഞുമോൻ, നെടുപറമ്പിൽ, ഇത്തിത്താനം. പി. ഒ., ശ്രീ. അനൂപ് എസ്, ചെമ്പുചിറ പൊക്കത്തിൽ എന്നിവർ ധനസഹായ തുക വിനിയോഗിച്ചു നിർമ്മിച്ച ഭവനങ്ങൾ സന്ദർശിച്ചു. വകുപ്പിന്റെ ഭവന നിർമ്മാണ മാനദണ്ഡങ്ങൾക്കു വിധേയമായിട്ടു ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് ബോദ്ധ്യപ്പെട്ടു.

**2) ഭൂരഹിത പുനഃരധിവാസം**

ഭൂരഹിത പുനഃരധിവാസ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് 2017-18 വർഷം 37,500/- രൂപ ധനസഹായം അനുവദിച്ച ശ്രീമതി. ശ്രീജാമോൾ വി. എസ്, വടക്കേപറമ്പിൽ, സചിവോത്തമപുരം എന്നയാൾ വാങ്ങിയ വസ്തു പരിശോധിച്ചു ഭവന നിർമ്മാണത്തിന് അനുയോജ്യമെന്ന് ബോദ്ധ്യപ്പെട്ടു.

**3) പഠനമുറി നിർമ്മാണം:-**

2017-18 വർഷം പഠനമുറി നിർമ്മാണത്തിന് 2,00,000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ച ആരതി ബിജു കുട്ടൻ, അപർണ്ണ നിവാസ്, സചിവോത്തമ പുരം, കുറിച്ചി ശിവം ജിനി. വി. കെ, കണ്ണംന്തറ, മലകുന്നം. പി. ഒ., ചങ്ങനാശ്ശേരി എന്നീ ഗുണഭോക്താക്കൾ നിർമ്മിച്ച പഠനമുറി പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## സി. വകുപ്പുതല പരിശോധന:-

01.01.2006 മുതൽ 31.03.2012 വരെയുള്ള കാലയളവിലെ പരിശോധന ഫിൻ 'ഇ' വിഭാഗം 18.04.2012 മുതൽ 20.04.2012 വരെയുള്ള തീയതികളിൽ പരിശോധന നടത്തി. 15.06.2012 ലെ ഫിൻ.ബി1-14308/12 കത്തു പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിനു പട്ടികജാതി വികസന ഓഫീസർ മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. 19.10.2012-ലെ ഫിൻ. ബി1- 14308/12 കത്തു പ്രകാരം അവശേഷിക്കുന്ന ഖണ്ഡികകൾ ആയി അറിയിച്ചിരുന്നവയ്ക്ക് 17.11.2015ൽ PB/291/15നമ്പർ കത്തു പ്രകാരം കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന മറുപടി സമർപ്പിച്ചതു അംഗീകരിച്ചു ലഭിച്ചതായി കാണുന്നില്ല.

01.04.2003 മുതൽ 31.12.2005 വരെയുള്ള പരിശോധന കുറിപ്പിൽ അവശേഷിക്കുന്ന 2 ഖണ്ഡികകളും (ഡയറക്ടറേറ്റിലെ ഫയൽ നമ്പർ എഫ്4/4504/2006) 31.10.2000 മുതൽ 31.03.2003 വരെയുള്ള പരിശോധനാ കുറിപ്പിലെ 3 ഖണ്ഡികകളും (ഡയറക്ടറേറ്റിലെ ഫയൽ നമ്പർ എഫ് 4/9659/03) തീർപ്പാക്കുന്നതിന് 31.01.2012-ലെ ഫിൻ.ബി2- 2329/12 കത്തിലെ നിർദ്ദേശാനുസരണം ഓഡിറ്റ് അദാലത്ത് നടത്തിയതായി കാണുന്നു. തുടർ വിവരങ്ങൾ ലഭ്യമല്ല. നിജസ്ഥിതി അറിയിക്കേണ്ടതാണ്.

## ഡി. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന:-

അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ കുറിപ്പിൽ അവശേഷിക്കുന്നതായി അറിയിച്ചിരുന്ന ചുവടെ ചേർക്കുന്ന ഖണ്ഡികകൾക്ക് കോട്ടയം കളക്ടറേറ്റിൽ നടന്ന അദാലത്തിൽ മറുപടി സമർപ്പിച്ചിരുന്നതായി കാണുന്നു.

1. OA (HQ) II/IV/12-22/11-12 - I
2. OA (HQ) II/IV/12-159/13-14 - I, II
3. OA (HQ) II/IV12-232/14-15 - I

ഖണ്ഡികകൾ തീർപ്പാക്കിയത് സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

OA (HQ) I/ II/ OAP/8/2014-15/490 തീയതി 07.10.2015 നമ്പർ കത്തു പ്രകാരം 26.10.2015, 27.10.2015 തീയതികളിൽ ഓഡിറ്റു നടത്തുന്നതായി എ.ജി-യുടെ അറിയിപ്പു ലഭിച്ചതായി കാണുന്നു. ഓഡിറ്റു നടത്തുന്നത് സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭിച്ചില്ല. നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-II

## A. ക്യാഷ് ബുക്ക് / ബിൽ ബുക്ക്:-

1. ക്യാഷ് ബുക്കിലെ എല്ലാ വരവ് / ചെലവുകളും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ക്യാഷ് ബുക്കിൽ വരവ് / ചെലവുകൾ രേഖപ്പെടുത്തുമ്പോൾ ബിൽ നമ്പർ, ഇനം എന്നീ വിവരങ്ങൾ ചേർക്കേണ്ടതാണ് എന്നിരിക്കെ ടി ഓഫീസിലെ ക്യാഷ് ബുക്കിൽ അപ്രകാരം രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല. ഉദാ: 02.09.2013 തീയതി മുതലുള്ള രേഖപ്പെടുത്തലുകൾ. - ന്യൂനത പരിഹരിക്കേണ്ടതാണ്.

3. CB-78/12-13 ബിൽ പ്രകാരം 12.10.2012 തീയതിയിലെ സ്പെഷ്യൽ ഇൻസെന്റീവ് ഇനത്തിൽ 6750/- രൂപ തേർച്ച ചെയ്തതായി കാണുന്നു. ടി തുക ക്യാഷ് ബുക്കിൽ വരവു ചേർത്തതായി കാണുന്നില്ല. എന്നാൽ 16.10.2012 ന് ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ആയത് വരവ് കാണിക്കാതെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ആയത് എപ്രകാരം ക്രമീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

4. PB-115/12-13 ബിൽ പ്രകാരം 01.12.2012-ന് 41,367/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 42,167/- രൂപ വരവ് കാണിച്ചിരിക്കുന്നു. ഇപ്രകാരം ക്യാഷ്ബുക്കിലും ബിൽബുക്കിലും തുകയിൽ വ്യത്യാസമുണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. CB-137/12-13 തീയതി: 07.01.2013 പ്രകാരം, 3,00,000/- ~~ക്യാഷ് ബുക്കിൽ~~ രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 30,000/- രൂപ വരവ് കാണിച്ചിരിക്കുന്നു. അപാകത തിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. 805/11-12 തീയതി: 03.12.2013 ബിൽ പ്രകാരം 29759/- രൂപ തേർച്ചചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 29859/- രൂപ വരവ് ചേർത്തിരിക്കുന്നു. അതായത് 100/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു. വിശദീകരിയ്ക്കേണ്ടതാണ്.

7. ബിൽബുക്കിൽ കോളം നമ്പർ 12-ൽ തേർച്ച ചെയ്ത തുക ക്യാഷ്ബുക്കിൽ വരവ് ചേർത്ത തീയതി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാ: 2014-15 ബിൽബുക്ക് ന്യൂനത പരിഹരിക്കേണ്ടതാണ്.

8. CB-22/14-15 തീയതി 04.09.2014- ന് അപ്രന്റിസ് ക്ലർക്ക് ഇനത്തിൽ 5,333/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തിയ തായി കാണുന്നില്ല. വിശദീകരിയ്ക്കേണ്ടതാണ്.

9. CB-28/14-15 പ്രകാരം 268125/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നു. (തീയതി വ്യക്തമല്ല) ടി ബിൽ Objected ആയെങ്കിലും Objection തീർത്ത് പിന്നീട് ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

10. CB-59/14-15 തീയതി: 19.03.2015-ന് 81319/- രൂപ തേർച്ച ചെയ്തിരിക്കുന്നു. എന്നാൽ ടി തുക ക്യാഷ് ബുക്കിൽ വരവ് ചേർത്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

11. CB- 22/15-16 തീയതി: 01.10.2015 പ്രകാരം 25,200/- രൂപയുടെ ബിൽ ട്രഷറി ഓഫീസർ പാസ്സാക്കിയിട്ടില്ല. എന്നാൽ ക്യാഷ്ബുക്കിൽ വരവ് ചേർത്തിരിക്കുന്നു. വിശദീകരിക്കേണ്ടതാണ്.

## B. അക്വിറ്റൻസ് രജിസ്റ്റർ (എസ്റ്റാബ്ലിഷ്മെന്റ്):-

1. PB- 163/12-13 ബിൽ പ്രകാരം പട്ടികജാതി വികസന ഓഫീസറുടെ ശമ്പളയിനത്തിൽ 21,675/- രൂപ മാറിയതായി കാണുന്നു. എന്നാൽ അക്വിറ്റൻസ് രജിസറ്ററിൽ പട്ടിക ജാതി വികസന ഓഫീസർ 20,675/- രൂപ ഒപ്പിട്ടുകൈപ്പറ്റിയിരിക്കുന്നു. അതായത് 1,000/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

2. രജിസ്റ്റർ പേജ് നമ്പർ 27 ൽ ശ്രീ. സാജു ജേക്കബ് പട്ടികജാതി വികസന ഓഫീസർ 2269/- രൂപ ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ബിൽ നമ്പർ, തേർച്ച ചെയ്ത തീയതി, ഏത് ഇനത്തിൽ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടി ബിൽ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## C. അക്വിറ്റൻസ് രജിസ്റ്റർ (അപ്രന്റീസ് ക്ലർക്ക്):-

1. തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

2. രജിസ്റ്ററിൽ ബിൽ നമ്പർ, തീയതി, ആകെ തുക തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

3. രജിസ്റ്റർ പേജ് നമ്പർ 20-ൽ 5,333/- രൂപ വിതരണം ചെയ്തിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ടി തുക വരവ്/ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

D. **അക്വിറ്റൻസ് രജിസ്റ്റർ (പി.എം.എച്ച്. സ്റ്റാഫ്):-**

1. രജിസ്റ്റർ പേജ് നമ്പർ 48 മുതൽ പട്ടികജാതി വികസന ഓഫീസർ തുക വിതരണം സാക്ഷ്യപ്പെടുത്തുന്നില്ല.

2. 2014-15 മുതലുള്ള അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

3. പേജുകൾ റദ്ദുചെയ്യുമ്പോൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തണ-മെന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാ: രജിസ്റ്റർ പേജ് നമ്പർ 64. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

E. **അക്വിറ്റൻസ് രജിസ്റ്റർ (പ്രൊമോട്ടർ):-**

1. തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. Rule 432 (d) of KTC Vol. I പ്രകാരം സാക്ഷ്യപത്രം രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

F. **അക്വിറ്റൻസ് (നഴ്സറി സ്കൂൾ ടീച്ചർ):-**

1. 04.02.2015 മുതലുള്ള രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2. Rule 432 (d) of KTC Vol. I പ്രകാരം സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

G. **അക്വിറ്റൻസ് (ഭൂരഹിത പുനരധിവാസ പദ്ധതി):-**

ഒരു ബിൽ പ്രകാരം മാറിയ തുക വ്യത്യസ്ത തീയതികളിൽ വിതരണം ചെയ്യുമ്പോൾ വിതരണ സാക്ഷിപത്രം രേഖപ്പെടുത്തണമെന്നിരിക്കെ ~~അപ്രകാരം രജിസ്റ്റർ പരിപാലിക്കണമെന്നിരിക്കെ~~ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. കൂടാതെ ബിൽ നമ്പർ, തുക മാറിയ തീയതി തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## H. അക്വിറ്റൻസ് രജിസ്റ്റർ (വിവാഹ ധനസഹായ പദ്ധതി):-

1. 01.09.2012 മുതൽ രജിസ്റ്ററിൽ 8 മുതൽ 12 വരെ പേജുകൾ പ്രകാരം 5 ഗുണഭോക്താക്കൾക്കായി 50,000/- രൂപ വീതം ആകെ 2,50,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി തുക ക്യാഷ്ബുക്കിൽ വരവ് / ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2. 01.09.2012 തീയതി മുതലുള്ള രജിസ്റ്ററിൽ പേജ് നമ്പർ 14-ൽ ശ്രീ. സുകുമാരൻ. സി. ജി ഗോപൻ വിലാസം, എസ്. പുരം, കുറിച്ചി എന്ന ഗുണഭോക്താവിന് ടി പദ്ധതി പ്രകാരം അനുവദിച്ച തുക ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ട താണ്.

3. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 10.01.2014 തീയതിയിൽ 9 ഗുണഭോക്താക്കൾക്കായി 50,000/- രൂപ വീതം ആകെ 4,50,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ടി തീയതിയിൽ 4,00,000/- രൂപ മാത്രം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരിയ്ക്കേണ്ടതാണ്.

4. 2019-17 രജിസ്റ്ററിൽ 26,27,28 പേജുകളിലായി 3 ഗുണഭോക്താക്കൾ തുക രേഖപ്പെടുത്താതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. തുക രേഖപ്പെടുത്താതെ ഗുണഭോക്താക്കളെക്കൊണ്ട് ഒപ്പിടീക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. ക്യാഷ്ബുക്ക് പ്രകാരം 03.06.2015 തീയതിയിൽ 5,50,000/- രൂപ ടി പദ്ധതിയിനത്തിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അക്വിറ്റൻസ് രജിസ്റ്ററിൽ ടി തുക വിതരണം വ്യക്തമല്ല. ആയത് പരിശോധിച്ച് നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## I. അക്വിറ്റൻസ് രജിസ്റ്റർ (ടോയ്‌ലറ്റ് ഗ്രാന്റ്):-

1. CB-705/13-14 തീയതി 21.11.2013 ബിൽ പ്രകാരം ടോയ്‌ലറ്റ് ഗ്രാന്റ് ഇനത്തിൽ മാറിയ 212500/- രൂപയുടെ വിതരണത്തിൽ DD നമ്പർ 940580 തീയതി: 22.11.2013 പ്രകാരം ശ്രീ. ബീമോൻ പുന്നമറ്റത്തിൽ, നീറിക്കാട്. പി. ഒ., എന്ന ഗുണഭോക്തായിന് അനുവദിച്ച തുക കാണുന്നില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
   [illegible] ഒപ്പിട്ട് കൈപ്പറ്റിയതായി

2. ബിൽ നമ്പർ, തീയതി, വിതരണ സംക്ഷിപ്തം തുടങ്ങിയ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## J. അക്വിറ്റൻസ് രജിസ്റ്റർ (മിശ്ര വിവാഹം):-

1. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

2. തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്റ്റർ പേജ് നമ്പർ 19 ൽ ശ്രീ. മനീഷ്. റ്റി, ദിവ്യ പങ്കജാക്ഷൻ ദമ്പതികൾക്കായി അനുവദിച്ച ധനസഹായം ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല. ബിൽ നമ്പർ, തീയതി, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## K. അക്വിറ്റൻസ് രജിസ്റ്റർ (ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം):-

1. 2013-14 സാമ്പത്തിക വർഷത്തെ രജിസ്റ്ററിൽ ബിൽ നമ്പർ, തുക മാറിയ തീയതി, ആകെ തുക, എത്ര ഗുണഭോക്താക്കൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

2. രജിസ്റ്ററിൽ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

3. ക്യാഷ്ബുക്ക് പ്രകാരം 28.03.2014 തീയതിയിൽ 18000/- (4 X 4500) രൂപ ചെലവഴിച്ചിരിക്കുന്നു. എന്നാൽ അക്വിറ്റൻസ് രജിസ്റ്ററിൽ 13500 (3 X 4500) രൂപ മാത്രം വിതരണം രേഖപ്പെടുത്തിയിരിക്കുന്നു. അതായത് 4,500/- രൂപ അധികായി ക്യാഷ്ബുക്കിൽ ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

4. CB-49/14-15 തീയതി 19.02.2015 ബിൽ പ്രകാരം മാറിയ 58500/- രൂപയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ചെലവ് ക്യാഷ്ബുക്കിൽ വ്യക്തമല്ല. സംക്ഷിപ്തം രേഖപ്പെടുത്തി ക്യാഷ്ബുക്കുമായി ഒത്തുനോക്കി വ്യക്തത വരുത്തേണ്ടതും വിവരം റിപ്പോർട്ടും ചെയ്യേണ്ടതുമാണ്.

## L. അക്വിറ്റൻസ് രജിസ്റ്റർ (പാരലൽ കോളേജ്)

1. രജിസ്റ്റർ പ്രകാരമുള്ള തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

2. CB- 30/13-14 തീയതി: 09.07.2013 പ്രകാരം മാറിയ 6,02,653/- രൂപയുടെ വിതരണം പരിശോധിച്ചതിൽ ക്രമനമ്പർ 54, ശ്രീ. ബിബിൻ ബേബി എന്ന വിദ്യാർത്ഥിയ്ക്ക് അനുവദിച്ച ചെക്ക് നമ്പർ 759871 തീയതി 13.07.2013 പ്രകാരമുള്ള 7,880/- രൂപ ടിയാൻ ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

3. CB-33/14-15 തീയതി 25.10.2014, CB- 34/14-15 തീയതി 25.10.2014 എന്നീ രണ്ടു ബില്ലുകൾ പ്രകാരം യഥാക്രമം 66190, 6269 എന്നിങ്ങനെ ആകെ 72,459/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. ആയതിന്റെ അക്വിറ്റൻസ് പരിശോധിച്ചതിൽ 11 വിദ്യാർത്ഥികൾക്കായി ആകെ 90909/- രൂപ വിതരണം ചെയ്തിരിക്കുന്നു. അതായത് 18450/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ടി തുക എപ്രകാരം ലഭ്യമാക്കി എന്ന് വിശദീകരിയ്ക്കേണ്ടതാണ്.

## M. അക്വിറ്റൻസ് രജിസ്റ്റർ (സ്പെഷ്യൽ ഇൻസെന്റീവ്)

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ പട്ടികജാതി വികസന ഓഫീസർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

2. വിതരണ സംക്ഷിപ്തം രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## N. ക്യാഷ് റിസീവ്ഡ് ആന്റ് ഡിസ്പാച്ച് രജിസ്റ്റർ:-

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ രജിസ്റ്ററിലെ താഴെപ്പറയുന്ന പ്രകാരമുള്ള വരവുകൾ ക്യാഷ്ബുക്കിൽ ചേർക്കുന്നതായി കാണുന്നില്ല.

| ക്രമ നം | തീയതി | വരവ് |
|---|---|---|
| a | 01.08.2012 | 1950 |
| b | 27.08.2012 | 1320 |
| c | 02.08.2013 | 1625 |
| d | 03.09.2013 | 1625 |

## O. ചലാൻ ഫയൽ:-

1. ചലാനുകൾ ക്യാഷ് ബുക്കിൽ പതിപ്പിച്ചു സൂക്ഷിച്ചു വരുന്നു. ആയത് ശരിയായ നടപടിയല്ല. ചലാനുകൾ തീയതി ക്രമത്തിൽ ചലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. ചലാൻ നമ്പർ 591 തീയതി 29.10.2013 പ്രകാരം 7,880/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. ഏത് സാഹചര്യത്തിലാണ് ടി തുക തിരിച്ചടയ്ക്കേണ്ടി വന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

## P. റ്റി. ആർ. 5 രസീത് / സ്റ്റോക്ക് രജിസ്റ്റർ:-

1. റ്റി. ആർ. 5 രസീത് / സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ക്യാഷ് ബുക്ക് പ്രകാരം താഴെപ്പറയുന്ന തീയതികളിലെ ചെലവുകളുടെ വൗച്ചർ / അക്വിറ്റൻസ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | തീയതി | വരവ് |
|---|---|---|
| 1 | 04.04.2012 | 3000 |
| 2 | 04.04.2012 | 3000 |
| 3 | 29.05.2012 | 5691 |
| 4 | 24.12.2012 | 1000 |
| 5 | 24.12.2012 | 800 |
| 6 | 24.12.2012 | 1500 |
| 7 | 30.03.2013 | 500 |
| 8 | 30.12.2013 | 500 |
| 9 | 04.09.2014 | 4550 |
| 10 | 21.12.2015 | 560 |

## ഭാഗം III

### പദ്ധതികൾ

### എ. ഭൂരഹിത പുനഃരധിവാസ പദ്ധതി:-

ഭൂരഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 2012-13 | 1,50,000 | 38 | 57,00,000 |
| 2013-14 | 1,50,000 | 15 | 22,50,000 |
| 2014-15 | 3,75,000 | 16 | 60,00,000 |
| 2015-16 | 3,75,000 | 12 | 45,00,000 |

2012-13 വർഷത്തെ എട്ടു അപേക്ഷകളും 2014-15 വർഷത്തെ 14 അപേക്ഷകളും പരിശോധനയ്ക്ക് ലഭിച്ചില്ല. അപേക്ഷകൾ കണ്ടെടുത്ത് സൂക്ഷിക്കേണ്ടതും അടുത്ത പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും കരാർ ഉടമ്പടികളും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പൂരിപ്പിച്ച് വാങ്ങുന്നില്ല. 2013-14 വർഷത്തെ രാജീവ്. ആർ, കാട്ടിപറമ്പിൽ, കൊല്ലംകൊമ്പ്, വടവാതൂർ എന്ന ഗുണഭോക്താവ് അപേക്ഷയിൽ ഒപ്പ് വച്ചിട്ടുമില്ല. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പരിശോധനാ കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി-യ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2002-03 മുതൽ 2017-18 വരെയുള്ള കാലയളവിൽ അനുവദിച്ച ധനസഹായ തുക വിനിയോഗിച്ച് ഗുണഭോക്താക്കൾ വാങ്ങിയ വസ്തുവിന്റെ 200-ൽ അധികം അസ്സൽ ആധാരം ആഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ആധാരം തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും തിരിച്ച് നൽകിയത് സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ബി. ഭവന നിർമ്മാണ ധനസഹായം:-

2007-08 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഭവന രഹിതരായവർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിന്റെയും നിലവിൽ പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലുള്ള ഘട്ടങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | നിലവിൽ പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കുവാനുള്ളതിന്റെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | | | |
| 2007-08 | 52 | 52 | 0 | 0 | 0 | 0 |
| 2008-09 | 99 | 99 | 0 | 0 | 0 | 0 |
| 2009-10 | 53 | 53 | 0 | 0 | 0 | 0 |
| 2010-11 | 22 | 20 | 2 | 1 | 1 | 0 |
| 2011-12 | 9 | 8 | 1 | 0 | 1 | 0 |
| 2012-13 | 20 | 20 | 0 | 0 | 0 | 0 |
| 2013-14 | 23 | 13 | 10 | 0 | 8 | 2 |
| 2014-15 | 13 | 12 | 1 | 0 | 0 | 1 |
| 2015-16 | 22 | 16 | 6 | 3 | 2 | 1 |
| ആകെ | 313 | 293 | 20 | 4 | 12 | 4 |

പൂർത്തീകരിക്കുവാനുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## സി. ടോയ്‌ലറ്റു നിർമ്മാണ പദ്ധതി:-

പ്രദമായ

ഉപയോഗ ~~പ്രദമല്ലാത്ത~~ ടോയ്‌ലറ്റ് ഇല്ലാത്ത കുടുംബങ്ങൾക്കു സെപ്റ്റിക് ടാങ്കോടു കൂടിയ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25000/ രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിച്ചതിന് ചെലവഴിച്ചത് | പൂർത്തീകരിക്കുവാനുള്ളവയ്ക്ക് ചെലവഴിച്ചത് | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 2012-13 | 41 | 40 | 1 | 10,00,000 | 12500 | 1012500 |
| 2013-14 | 55 | 54 | 1 | 13,50,000 | 12500 | 1362500 |
| 2014-15 | 40 | 33 | 7 | 8,25,000 | 87500 | 912500 |
| 2015-16 | 60 | 52 | 8 | 13,00,000 | 100000 | 1400000 |
| ആകെ | 196 | 179 | 17 | 44,75,000 | 212500 | 4687500 |

ഗുണഭോക്തൃ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിപ്പിച്ചിട്ടില്ല. പൂർത്തിയാക്കുവാനുള്ള ടോയ്‌ലറ്റുകൾ പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ച ടോയ്‌ലറ്റുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി-യ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഡി. ഭവന പുനഃരുദ്ധാരണം:-

അഞ്ചു വർഷത്തിലധികം പഴക്കമുള്ളതും പുനഃരുദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ളതുമായ ഭവനങ്ങളുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് 50,000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിച്ചതിന് ചെലവഴിച്ച തുക | പൂർത്തീകരിക്കുവാനുള്ളവയ്ക്ക് ചെലവഴിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 2013-14 | 29 | 26 | 3 | 13,00,000 | 75000 | 1375000 |
| 2014-15 | 18 | 17 | 1 | 8,50,000 | 25000 | 875000 |
| 2015-16 | 25 | 23 | 2 | 11,50,000 | 50000 | 1200000 |
| ആകെ | 72 | 66 | 6 | 33,00,000 | 150000 | 3450000 |

പൂർത്തീകരിക്കാത്തവരുടെ പുനഃരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഇ. മിശ്രവിവാഹ ധനസഹായം:-

മിശ്ര വിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതിമാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് സാമ്പത്തികമായ ക്ലേശങ്ങൾ ഒഴിവാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2012-13 | 19 | 50000 | 950000 |
| 2013-14 | 6 | 50000 | 300000 |
| 2014-15 | 9 | 50000 | 450000 |
| 2015-16 | 3 | 50000 | 150000 |

അപേക്ഷകളും രജിസ്റ്ററും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പരിപാലിക്കുന്നില്ല. ഗുണഭോക്താക്കൾ ആരംഭിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തുന്ന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കുന്നില്ല. വിശദീകരണം സഹിതം ന്യൂനത പരിഹരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി-യ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## എഫ്. വിവാഹ ധനസഹായം:-

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രക്ഷകർത്താക്കളുടെ മക്കളായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2012-13 | 13 | 7 X 20000=140000<br>6 X 50000= 300000 | 440000 |
| 2013-14 | 31 | 50000 | 1550000 |
| 2014-15 | 28 | 50000 | 1400000 |
| 2015-16 | 29 | 50000 | 1450000 |

ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങളും ഫോട്ടോയും രജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ജി. ചികിത്സാ ധനസഹായം:-

പരിശോധനാ കാലയളവിലെ ചികിത്സാ ധനസഹായ വിതരണം ജില്ലാ പട്ടികജാതി വികസന ഓഫീസർ ആണ് നടത്തിയതെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. അതുകൊണ്ട് ചികിത്സാ ധനസഹായ പദ്ധതിയുടെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. ഇതു സംബന്ധിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## എച്ച്. സ്വയംതൊഴിൽ പദ്ധതി:-

ബാങ്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവരുടെ ബാങ്ക് വായ്പ തുകയുടെ 33 % സബ്സിഡി നൽകുന്ന പദ്ധതിയുടെ പരിശോധനാ കാലയളവിലെ ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധനയക്ക് ലഭിച്ചില്ല. പരിശോധനാ കാലയളവിലെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ജില്ലാ ഓഫീസിലെ രേഖകളുമായി നോക്കി വിശദമായ റിപ്പോർട്ട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തോടുകൂടി വിശദീകരണം സഹിതം സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ നിലവിലെ അവസ്ഥ, വായ്പ തുകയുടെ തിരിച്ചടവ് എന്നിവ സംബന്ധിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഐ. ദുർബ്ബല വിഭാഗങ്ങളുടെ പുനഃരധിവാസ പദ്ധതി:-

### എ. ഭൂരഹിത പുനഃരധിവാസ പദ്ധതി:-

2013-14 വർഷം മൂന്നു ഗുണഭോക്താക്കൾക്ക് 2,50,000/ രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. 2014-15 നാല് ഗുണഭോക്താക്കൾക്ക് 3,75,000/- രൂപ നിരക്കിൽ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. ടി ഇനത്തിൽ 2013-14 വർഷം 7,50,000/- രൂപയും 2014-15 വർഷം 15,00,000/- രൂപയും ഉൾപ്പെടെ ആകെ 22,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ബി. ഭവന നിർമ്മാണം:-

2012-13 വർഷം 2,00,000/- രൂപ മൂന്ന് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. ഒരു ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവിന് ഭവന നിർമ്മാണ ധനസഹായത്തിന്റെ രണ്ടാം ഗഡുവരെയുള്ള തുകയായ 90,000/- രൂപയും ഒരു ഗുണഭോക്തായിന് ധനസഹായത്തിന്റെ ഒന്നാം ഗഡു തുക 30,000/- രൂപയും ഉൾപ്പെടെ ആകെ 3,20,000/- രൂപ വിതരണം ചെയ്തു.

2013-14 വർഷം മൂന്നു ഗുണഭോക്താക്കൾക്ക് 2,00,000/- രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. ഒരു ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവിന് മൂന്നാം ഗഡു തുക വരെ 2,30,000/- രൂപയും ഒരു ഗുണഭോക്തായിന് ഒന്നാം ഗഡു തുക 300000/-- രൂപയും ഉൾപ്പെടെ ആകെ 5425000/- രൂപ വിതരണം ചെയ്തു.

2014-15 വർഷം നാല് ഗുണഭോക്താക്കൾക്ക് 3,50,000/- രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. രണ്ടു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഗുണഭോക്തായിന് മൂന്നാം ഗഡു തുകയായി 1,82,500/- രൂപയും ഒരു ഗുണഭോക്താവിന് ഒന്നാം ഗഡു തുകയായി 52,500/- രൂപയും ഉൾപ്പെടെ 9,35,000/- രൂപ വിതരണം ചെയ്തു.

2015-16 വർഷം ഒരു ഗുണഭോക്താവിന് 3,50,000/- രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ജെ. സ്വയം പര്യാപ്ത ഗ്രാമ പദ്ധതി:-

എ. കുറിച്ചി ഗ്രാമ പഞ്ചായത്തിലെ സചിവോത്തമപുരം പട്ടികജാതി കോളനി പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആയിരുന്നു നിർമ്മാണ ഏജൻസി. വരുമാന ദായക പദ്ധതികൾ നടപ്പാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി. വിജയപുരം ഗ്രാമപഞ്ചായത്തിലെ കൊശമറ്റം പട്ടികജാതി കോളനി പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി പ്രകാരം ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

## കെ. വിജ്ഞാൻവാടി:-

കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ വിജ്ഞാൻവാടി പ്രവർത്തിക്കുന്നുണ്ട്. പരിശോധനാ കാലയളവിൽ ആവർത്തന ചെലവിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

# ഭാഗം III (എ)

## വിദ്യാഭ്യാസ പദ്ധതികൾ:-

എ. I മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ വിതരണം ചെയ്ത തുകയുടെ ഷവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
| 2012-13 | 1344 | 485585 | 1385 | 507830 |
| 2013-14 | 1280 | 610000 | 1034 | 461470 |
| 2014-15 | 1059 | 408850 | - | - |
| 2015-16 | 1097 | 631775 | - | - |

ലംപ്സംഗ്രാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. സ്കൂൾ മേധാവികൾ അധികം വരുന്ന തുക തിരിച്ചടച്ച് ഹാജരാക്കുന്ന ചെലാനുകളുടെ വിവരം കൂടി രജിസ്റ്ററിൽ ചേർക്കേണ്ടതും രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## ബി. പ്രൈമറി എയ്ഡഡ്:-

2014-15 വർഷം ആരംഭിച്ച I മുതൽ IV വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 539 | 1078000 |
| 2015-16 | 480 | 960000 |

ധനസഹായം വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് മാത്രമാണ് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്. സ്കൂൾ മേധാവികളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## സി. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ്:-

IV, VII ക്ലാസ്സുകളിലെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് X-ാം ക്ലാസ്സ് വരെ പ്രതിവർഷം 4,500/- രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി· ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2012-13 | 10 | 45000 |
| 2013-14 | 15 | 67500 |
| 2014-15 | 13 | 58500 |
| 2015-16 | 11 | 49500 |

പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്കൂൾ മേധാവികളുടെയും, രക്ഷകർത്താക്കളുടെയും, എസ്.സി പ്രൊമോട്ടർമാരുടെയും സഹായത്തോടെ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ രജിസ്റ്റർ തൻവർഷം പുതുക്കി അനുവദിക്കുന്നതും പുതിയതായി അനുവദിക്കുന്നതും ഇനം തിരിച്ച് ചേർത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധന കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഡി. പ്രത്യേക പ്രോത്സാഹന സമ്മാനം:-

വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വുദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2012-13 | 71 | 94750 |
| 2013-14 | 70 | 161500 |
| 2014-15 | 4 | 19500 |
| 2015-16 | 63 | 186500 |

ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഇ. ഫീസ് റീ-ഇംബേഴ്സ്മെന്റ്:-

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന X-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ് ചെയ്തി നൽകുന്ന പദ്ധതി പ്രകാരം ബ്ലോക്ക് പരിധിയിലും നാല് അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും ഒരു കേന്ദ്രീയ വിദ്യാലയത്തിലും ഫീസ് റീ-ഇംബേഴ്സ്മെന്റ് ചെയ്തു നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
| 2012-13 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2013-14 | 233 | 642585 | 76 | 171108 |
| 2014-15 | 221 | 795461 | 85 | 216939 |
| 2015-16 | 75 | 187626 | 1 | 4410 |

2012-13ൽ തുക വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. തുക വിതരണം ചെയ്തത് സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്നും അക്വിറ്റൻസുകൾ ലഭ്യമാക്കി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## എഫ്. പാരലൽ കോളേജ് വിദ്യാഭ്യാസം:-

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
| 2012-13 | 4 | 22878 | 3 | 15877 |
| 2013-14 | 11 | 81183 | 82 | 602653 |
| 2014-15 | 27 | 166383 | 194 | 1232868 |
| 2015-16 | 127 | 932670 | 36 | 228032 |

CB-12/14-15 പ്രകാരം 6,52,358/- രൂപ 104 വിദ്യാർത്ഥികൾക്ക് ഡിഡി ആയി വിതരണം ചെയ്തതായി കാണുന്നു. ഇതിന്റെ അക്വിറ്റൻസിൽ ഒരു വിദ്യാർത്ഥിയും റവന്യൂ സ്റ്റാമ്പ് പതിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം IV

## രജിസ്റ്ററുകൾ

### എ. ഫർണിച്ചർ രജിസ്റ്റർ:-

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും ഫർണിച്ചറിനും ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങൾക്കുമായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. വാർഷിക ഭൗതിക പരിശോധനാ സാക്ഷ്യപത്രവും ഓഫീസ് മേട്ടാവികളുടെ ചുമതല കൈമാറ്റവും രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### ബി. സ്റ്റാമ്പ് അക്കൗണ്ട് കം ഡെസ്പാച്ച് രജിസ്റ്റർ:-

സ്റ്റാമ്പ് അക്കൗണ്ട് കം ഡെസ്പാച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചില്ല. വിശദീകരണം നൽകേണ്ടതും കണ്ടെടുത്ത് അടുത്ത പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

### സി. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ:-

നിലവിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. നിർദ്ദിഷ്ഠ മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ഡി. ഇൻകുമ്പൻസ് രജിസ്റ്റർ:-

നിലവിൽ ~~രജിസ്റ്ററിൽ~~ രജിസ്റ്റർ പരിപാലിക്കുന്നില്ല. നിർദ്ദിഷ്ഠ മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### ഇ. ആസ്തി രജിസ്റ്റർ:-

ബ്ലോക്ക് പരിധിയിലുള്ള കുറിച്ചി ഗ്രാമപഞ്ചായത്തിലെ വകുപ്പിന്റെ സ്ഥാപനങ്ങളുടെ പേരു വിവരവും സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ വാർഡിന്റെ നമ്പരും വസ്തുവിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

### എഫ്. പേ-ബിൽസ് രജിസ്റ്റർ:-

ബിൽ വിവരങ്ങൾ സ്പാർക്കിൽ നിന്നും പകർപ്പെടുത്ത് രജിസ്റ്ററിൽ പതിച്ച് സൂക്ഷിക്കുന്നു. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ സ്ഥലംമാറ്റം, വിരമിക്കൽ, അവസാന വേതന പത്രിക നൽകൽ തുടങ്ങിയവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## ജി. കണ്ടിജന്റ് ബിൽസ് രജിസ്റ്റർ:-

നിർദ്ദിഷ്ഠ മാതൃതയിലുള്ള രജിസ്റ്റർ പരിശോധന കാലയളവിൽ പരിപാലിച്ചിട്ടില്ല. നിർദ്ദിഷ്ഠ മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## എച്ച്. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി:-

പ്രൊമോട്ടർമാരുടെ വർക്ക് ഡയറി പ്രത്യേകം നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്നു. ഫീൽഡുവർക്കുകളുടെ ലഘുവിവരണം കൂടി ഡയറിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർ വർക്ക് ഡയറി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം V

## STSB അക്കൗണ്ടുകൾ

1. **A/C No: 799012700000250** സബ്‌ട്രഷറി അയർക്കുന്നം:-

പദ്ധതി ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 16.05.2018-ൽ ആരംഭിച്ച 23.01.2019- ൽ 6,42,000/- രൂപ നീക്കി ബാക്കിയുണ്ട്. തുകയുടെ ഇന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിവതരണം ചെയ്യുവാൻ കഴിയുന്ന തുക വേഗത്തിൽ വിതരണം ചെയ്യേണ്ടതും വിതരണം ചെയ്യാൻ കഴിയാത്ത തുക ആയത് ഉറപ്പാക്കി തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. **A/C No: 799011400000999** സബ്‌ട്രഷറി കോട്ടയം:-

ചികിത്സാ ധനസഹായ വിതരണത്തിനായി 23.02.2017-ൽ ആരംഭിച്ച അക്കൗണ്ടാണിത്. 28.11.2018- ലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിൽ 41900/- രൂപ നീക്കി ബാക്കിയുണ്ട്. നിലവിൽ അക്കൗണ്ടിൽ നീക്കി ബാക്കിയുള്ള തുകയുടെ വിവരവും ഇനവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിതരണം ചെയ്യുവാൻ കഴിയുന്ന തുക വേഗത്തിൽ വിതരണം ചെയ്യേണ്ടതും വിതരണം ചെയ്യുവാൻ കഴിയാത്ത തുക ആയത് ഉറപ്പുവരുത്തി തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3. STSB A/C No: 369 ജില്ലാ ട്രഷറി, കോട്ടയം:-

അക്കൗണ്ടിൽ തുകയൊന്നും നീക്കി ബാക്കി ഇല്ല.

# ഭാഗം VI

## പൊതു അഭിപ്രായം

പള്ളം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന പള്ളം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന് മതിയായ സ്ഥലസൗകര്യത്തോട് കൂടിയ ഓഫീസ് നിലവിലുണ്ട്. ഫർണിച്ചറുകൾ പരിമിതമാണ്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു കമ്പ്യൂട്ടർ കൂടി ആവശ്യമുണ്ട്. ഓഫീസ് പൊതുവെ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചു വരുന്നു. ഫയലുകളും രജിസ്റ്ററുകളും കൈകാര്യം ചെയ്യുന്നതിലും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓഫീസിന്റെ പരിധിയിൽ പ്രീ-മെട്രിക് ഹോസ്റ്റൽ, രണ്ടു നഴ്സറി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി 2013 വരെ ഉണ്ടായിരുന്ന ക്ലാർക്ക് തസ്തിക പുനഃസ്ഥാപിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ

SS 25.03.2019